പേഴയ്ക്കാപ്പിള്ളി കേന്ദ്രമാക്കിയുള്ള പോലീസ് സ്റ്റേഷൻ

44 [1620] ശ്രീ. ജോണി നെല്ലൂർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ക്രമസമാധാനനില മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി പുതുതായി പോലീസ് സ്റ്റേഷനുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ എവിടെയെല്ലാമാണെന്ന് വെളിപ്പെടുത്താമോ;

(സി) മൂവാറ്റുപുഴയിലെ പേഴയ്ക്കാപ്പിള്ളി കേന്ദ്രമാക്കി പോലീസ് സ്റ്റേഷൻ സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ—സി) സംസ്ഥാനത്തെ ക്രമസമാധാനനില മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് ഏതെല്ലാം സ്ഥലങ്ങളിലാണ് പുതിയ പോലീസ് സ്റ്റേഷനുകൾ ആവശ്യമുള്ളത് എന്നതു സംബന്ധിച്ച് വിശദമായ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ പോലീസ് ഡയറക്ടർ ജനറലിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

സംസ്ഥാനത്തെ പോലീസ് ഉദ്യോഗസ്ഥർ പ്രതിയായ ക്രിമിനൽ കേസ്സുകൾ

45 [1621] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പോലീസ് ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥർ പ്രതിയായി എത്ര ക്രിമിനൽ കേസ്സുകൾ രജിസ്റ്റർ ചെയ്തു എന്ന വിവരം, രജിസ്റ്റർ ചെയ്ത വർഷം, ജില്ല എന്നിവ തരംതിരിച്ച് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത കേസ്സുകളിൽ എത്ര എണ്ണം അന്വേഷണം പൂർത്തിയാക്കി എന്നും എത്ര എണ്ണം റഫർ ചെയ്തു എന്നും എത്ര കേസ്സുകളിൽ ഫൈനൽ റിപ്പോർട്ട് നൽകി എന്നും വെളിപ്പെടുത്തുമോ;

(സി) ക്രിമിനൽ കേസ്സുകളിൽ പ്രതിയായുള്ള ഈ ഉദ്യോഗസ്ഥരിൽ എത്ര പേർ സർവീസിലാണെന്നും എത്ര പേർ സസ്പെൻഷനിലാണെന്നും എത്ര പേർ പെൻഷനായെന്നും വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ബി) അന്വേഷണം പൂർത്തിയാക്കിയ കേസ്സുകൾ .. 325

റഫർ ചെയ്തവ .. 106

ഫൈനൽ റിപ്പോർട്ട് നൽകിയത് .. 325

അന്വേഷണം പൂർത്തിയാക്കിയ കേസ്സുകളിൽ എല്ലാം തന്നെ ഫൈനൽ റിപ്പോർട്ട് നൽകിയിട്ടുണ്ട്.

(സി) സർവീസിലുള്ളവർ .. 431

സസ്പെൻഷനിലുള്ളവർ .. 36

പെൻഷനായവർ .. 13

വടകരയിലെ ചോമ്പാലിൽ പോലീസ് സ്റ്റേഷൻ ആരംഭിക്കാൻ നടപടി

46 [1622] ശ്രീ. സി. കെ. നാണു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകരയിലെ ചോമ്പാലിൽ പ്രത്യേക പോലീസ് സ്റ്റേഷൻ ആരംഭിക്കണമെന്ന മുൻതീരുമാനം എപ്പോൾ നടപ്പാക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) പുതുതായി വന്ന ഫിഷിംഗ് ഹാർബറിൽ ചില സന്ദർഭങ്ങളിൽ ഉണ്ടാകുന്ന ക്രമസമാധാന പ്രശ്നങ്ങൾ പരിഗണിച്ച് കഴിയുന്നതുംവേഗം പോലീസ് സ്റ്റേഷൻ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ ആന്റ് ബി) 13-12-1999-ൽ തയ്യാറാക്കിയിരുന്ന പുതിയ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കേണ്ടതായ ഒരു മുൻഗണനാ ലിസ്റ്റിൽ ഈ സ്ഥലം 40-ാമതായി ഉൾപ്പെടുത്തിയിരുന്നു. എന്നാൽ സംസ്ഥാനത്തിന്റെ ഇപ്പോഴത്തെ സ്ഥിതിഗതികൾ പരിഗണിച്ച് ഓരോ പ്രദേശത്തിന്റെയും ആവശ്യകത വിലയിരുത്തി ഏതെല്ലാം സ്ഥലങ്ങളിലാണ് പുതിയ പോലീസ് സ്റ്റേഷനുകൾ ആവശ്യമുള്ളത് എന്നത് സംബന്ധിച്ച് വിശദമായ പഠനം നടത്തി പുതുക്കിയ മുൻഗണനാ ലിസ്റ്റ് സർക്കാരിന് സമർപ്പിക്കുവാൻ ഡി.ജി.പി.-യോട് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത ലിസ്റ്റ് ലഭ്യമാകുന്ന മുറയ്ക്ക് ഈ ആവശ്യം പരിശോധിക്കാവുന്നതാണ്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly